LIBRARY ARCHIVES Kerala Legislative Assembly

മണലൂരിൽ ത്രിവേണി സൂപ്പർ മാർക്കറ്റ്

37 (1000) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് കൺസ്യൂമർഫെഡിന് പദ്ധതിയുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടശ്ശാംകടവിലോ കാഞ്ഞാണിയിലോ ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് കൺസ്യൂമർ ഫെഡിന് പദ്ധതിയില്ല.

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടശ്ശാംകടവിലോ കാഞ്ഞാണിയിലോ ത്രിവേണി സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ വ്യാപാര സാദ്ധ്യത കൂടി പരിശോധിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

38 (1001) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ നടക്കുന്ന കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൺസ്യൂമർ ഫെഡറേഷനിൽ മസ്ദൂർ, ഹെൽപ്പർ, ഗോഡൗൺ അസിസ്റ്റന്റ്, ഗോഡൗൺ കീപ്പർ തുടങ്ങിയ തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 523 പേർക്ക് സെയിൽസ് മാൻ/ഡാറ്റാ എൻട്രി, ഹെൽപ്പർ തസ്തികയിൽ കൺസ്യൂമർ ഫെഡ് സ്ഥിരീകരണം നൽകിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരെ സുപ്രീം കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് തീർപ്പായിട്ടുണ്ട്.

പെരുമ്പടപ്പിൽ ത്രിവേണി സ്റ്റോർ

39 (1002) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളുരുത്തി-പെരുമ്പടപ്പിൽ ത്രിവേണി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

പള്ളുരുത്തി നിയോജക മണ്ഡലത്തിൽ 26-6-2009-ന് ഒരു ത്രിവേണി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. ടി നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് വ്യാപാര സാധ്യത കണക്കിലെടുത്ത് മറ്റൊരു ത്രിവേണി സ്റ്റോർ കൂടി തുടങ്ങുന്ന കാര്യം ആലോചിക്കാവുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി പദ്ധതികൾ

40 (1003) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) സഹകരണ പൊതുവിതരണ സമ്പ്രദായം വിജയകരമായി നടപ്പിലാക്കുവാൻ ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ എവിടെയെല്ലാം ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഓണം, ക്രിസ്തുമസ് ചന്തകൾ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ : വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1. കൺസ്യൂമർ ഫെഡറേഷൻ നേരിട്ടു നടത്തുന്ന 172 ത്രിവേണി സ്റ്റോറുകളിലൂടെ പൊതു വിപണിയേക്കാൾ 15% മുതൽ 25% വരെ വിലക്കുറവിൽ 700 കോടിയോളം രൂപയുടെ നിത്യോപയോഗ സാധനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ വിൽപ്പന നടത്തി 150 കോടിയോളം രൂപയുടെ വിലക്കുറവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

2. ഫെഡറേഷന്റെ വ്യാപാര നിയന്ത്രണത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെ സബ്സിഡി കാലയളവിലല്ലാതെ കൂടാതെ 800 കോടിയോളം രൂപയുടെ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ ശരാശരി 25% വരെ വിലക്കുറച്ച് വിൽപ്പന നടത്തിയതിലൂടെ 200 കോടിയോളം രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

LIBRARY ARCHIVES Kerala Legislative Assembly